"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് ആഫീസിലെ ഫുൾടൈം സ്വീപ്പർ ഇബ്രാഹിം.ടി (Late) ന്റെ ഹൃദയ സംബന്ധമായ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് കോഴിക്കോട് മെട്രോ മെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.662/2026/LSGD തീയതി, തിരുവനന്തപുരം, 10-03-2026

പരാമർശം:-

1. 11.07.2012 ലെ സർക്കുലർ നം. 24623/G2/2012/H&FWD
2. 28.12.2017 ലെ G.O.(P) No.83/2017/ H&FWD
3. ഇബ്രാഹിം ടി. (Late) ന്റെ ഭാര്യ സുബൈദ റ്റി.സി. യുടെ 15.02.2021 ലെ അപേക്ഷയും ബില്ലുകളും
4. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.02.2020 ലെ 6/20-ാം ഫയൽ നമ്പർ തീരുമാനം.
5. പഞ്ചായത്ത് ഡയറക്ടറുടെ 25.06.2021 ലെ PAN/7101/2021-F2(DP) നമ്പർ കത്ത്.
6. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 09.05.2023 ലെ (എൽ.ഡിസ്) എം.ആർ2-50413/2022/ആ.വ.ഡ നം. കത്ത്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2025 ലെ LSGD/PD/4629/2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഫുൾടൈം സ്വീപ്പർ ഇബ്രാഹിം ടി. (Late) ന്റെ ഹൃദയ സംബന്ധമായ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് കോഴിക്കോട് മെട്രോ മെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്റർ ആശുപത്രിൽ ചെലവായ 3,52,090/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (6)-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,92,636/- രൂപയുടെ 80% ശതമാനം ആയ 1,54,109/-രൂപ (ഒരു ലക്ഷത്തി അമ്പത്തി നാലായിരത്തി നൂറ്റി ഒൻപത് രൂപ മാത്രം) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമ

പഞ്ചായത്ത് ഓഫീസിലെ ഫുൾടൈം സ്വീപ്പർ ഇബ്രാഹിം ടി. (Late) ന്റെ ഹൃദയ സംബന്ധമായ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ചികിത്സയ്ക്കായി 08.10.2019 മുതൽ 17.10.2019 വരെ കോഴിക്കോട് മെട്രോ മെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്റർ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 1,92,636/- രൂപയുടെ 80% ശതമാനം ആയ 1,54,109/-രൂപ (ഒരു ലക്ഷത്തി അമ്പത്തി നാലയിരത്തി നൂറ്റി ഒൻപത് രൂപാ മാത്രം) നിലവിലെ KGSMA ചട്ടം, 1960-ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും, ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ഇബ്രാഹിം ടി. (Late) ന്റെ ഭാര്യ സുബൈദ റ്റി.സി.-ക്ക് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
ശ്രീമതി. സുബൈദ ടി സി w/o ഇബ്രാഹിം.ടി, തറമൽ, തറോപൊയിൽ പി.ഒ., തിരുവള്ളൂർ, കോഴിക്കോട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/85/2021-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 10-03-2026 14:03:40